തൃശ്ശൂർ ജില്ല

1. ചാലക്കുടി

2. അടിച്ചിൻ

കോഴിക്കോട് ജില്ല

1. കാരശ്ശേരി

2. വാലാട്

3. മണാശ്ശേരി

4. പന്നൂമുക്ക്

5. മുതലക്കുളം കോസ്മെറ്റിക്സ്

പ്രസ്തുത സ്ഥാപനങ്ങളിൽ ജോലി ചെയ്തിരുന്ന ജീവനക്കാരെയും താല്ക്കാലിക ജീവനക്കാരെയും കൺസ്യൂമർഫെഡിന്റെ മറ്റ് യൂണിറ്റുകളിൽ പുനർവിന്യസിച്ച് അവരുടെ സേവന വേതനം സംരക്ഷിച്ചിട്ടുണ്ട്.

സുവർണ്ണകേരളം പദ്ധതി

138 (523) ശ്രീ. എം. പി. വിൻസെന്റ്:
ശ്രീ. എം. എ. വാഹീദ്:
ശ്രീ. ലൂഡി ലൂയിസ്:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സഹകരണമേഖലയിൽ സുവർണ്ണ കേരളം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) നടപ്പാക്കിയിട്ടുണ്ട്.

(ബി) നൂതനവും ആരോഗ്യകരവുമായ കൃഷിരീതികൾ ഉപയോഗപ്പെടുത്തി സഹകരണ സംഘങ്ങളിലൂടെ കേരളത്തിലെ എല്ലാ വീടുകളിലും പച്ചക്കറി പ്രോത്സാഹിപ്പിക്കുക, സുരക്ഷിതമായ ഭക്ഷണം എന്ന പൊതു ആവശ്യം ജനകീയ പങ്കാളിത്തത്തോടുകൂടി കേരളത്തിലെ സഹകരണ മേഖല മുഖേന നടപ്പാക്കുക എന്നിവയാണ് സുവർണ്ണകേരളം പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്. വിഷമില്ലാത്ത പച്ചക്കറി കൃഷി ചെയ്യുന്നതിന്റെ ആവശ്യകത സംബന്ധിച്ച് ജനങ്ങൾക്കിടയിൽ ബോധവത്ക്കരണവും നടത്തിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരളത്തിലുടനീളം സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള എല്ലാ സഹകരണ സംഘങ്ങൾക്കും സുവർണ്ണകേരളം പദ്ധതി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ താലൂക്കിലുമുള്ള സർവ്വീസ് സഹകരണ ബാങ്കുകൾ ടി പ്രദേശത്ത് ഓരോ സീസണുകളിലും യോജിച്ച പച്ചക്കറി വിത്തുകൾ/തൈകൾ എന്നിവ പോളിഹൗസുകളിൽ വികസിപ്പിച്ചെടുത്ത് വിതരണം ചെയ്യുക, ഗുണമേന്മയും അത്യുൽപ്പാദനശേഷിയുമുള്ള വിത്തുകൾ/ തൈകൾ എന്നിവ സർക്കാർ കൃഷിഫാം/നഴ്സറികൾ വഴി വാങ്ങി സൗജന്യമായോ/മിതമായ വിലയ്ക്കോ വ്യക്തികൾക്ക് വിതരണം ചെയ്യുക, സംഘം പരിധിയിൽ ആരംഭിക്കുന്ന പച്ചക്കറി കൃഷിക്ക് കൃഷിഭവൻ വഴിയും സേവന സന്നദ്ധതയുള്ള സർവ്വീസിൽനിന്നും വിരമിച്ച കൃഷി ആഫീസർമാർ മുഖേനയും സേവനം ലഭ്യമാക്കുക എന്നീ നിർദ്ദേശങ്ങൾ സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾക്കനുസൃതമായി നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. അംഗങ്ങൾക്ക് കൃഷി ചെയ്യുന്നതിനാവശ്യമായ കാർഷിക വായ്പ ബാങ്കുകൾ വഴി നൽകിവരുന്നു. ബ്ലോക്ക് തലത്തിൽ സഹകരണവകുപ്പിൻ കീഴിൽ പ്രവൃത്തിക്കുന്ന ഫാർമേഴ്സ് സർവ്വീസ് സെന്ററിന്റെ സേവനവും ഇതിനായി ലഭ്യമാക്കിയിട്ടുണ്ട്.

ക്രെഡിറ്റ് സംഘങ്ങളിലെ തെരഞ്ഞെടുപ്പ്

139 (524) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ക്രഡിറ്റ് സംഘങ്ങളിലെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുള്ള പുതിയ ഉത്തരവിൽ തെരഞ്ഞെടുപ്പ് വാർഡ് അടിസ്ഥാനത്തിൽ ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; പ്രസ്തുത ഉത്തരവിന്റെ വിശദാംശം വ്യക്തമാക്കാമോ ;

(ബി) വാർഡ് നിർണ്ണയിക്കുന്നത് സംബന്ധിച്ച് വ്യക്തമായ മാർഗ രേഖകൾ ഇല്ലാത്തതിനാൽ ഈ ഉത്തരവ് അനുസരിച്ച് ക്രഡിറ്റ് സംഘങ്ങളിലെ തെരഞ്ഞെടുപ്പ് സംബന്ധിച്ച് ഒട്ടേറെ ആശയക്കുഴപ്പങ്ങൾ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത് സംബന്ധിച്ച് സുവ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ നടപടികൾ ഉണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly